DESPATCHED
On..16/1/23..



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 1338(3)/2020** *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.9615/*എസ്.ഐ.സി–ജി 1/2020*)**

**സന്നിഹിതൻ**

**ശ്രീ.എ.അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 06.01.2023**

ശ്രീ.പി.രാജേഷ്
മുനമ്പത്തു വീട്
തെക്കേമുറി
കിഴക്കേകല്ലട തപാൽ.
കൊല്ലം 691 502
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പ്രിൻസിപ്പൽ
ഐ.ടി.ഐ.ചെങ്ങന്നൂർ
അങ്ങാടിക്കൽ പി.ഒ.
ചെങ്ങന്നൂർ
ആലപ്പുഴ 689 122

2. അപ്പീൽ അധികാരി &
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്
ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്
നാലാം നില, തൊഴിൽ ഭവൻ
പി.എം.ജി.ജംഗ്ഷൻ, വികാസ് ഭവൻ
തിരുവനന്തപുരം 695 033

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 04.05.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.05.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26.06.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.10.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22.09.2020 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 28.09.2020 |

## ഉത്തരവ്

കൊല്ലം ജില്ലയിൽ കിഴക്കേ കല്ലട തെക്കേ മുറിയിൽ മുനമ്പത്തു വീട്ടിൽ ശ്രീ.പി.രാജേഷ് (റിട്ടയേർഡ് സീനിയർ ഇൻസ്ട്രക്ടർ, ഐ.റ്റി.ഐ.ചെങ്ങന്നൂർ) എന്നയാൾ ചെങ്ങന്നൂർ ഗവ.ഐ.റ്റി.ഐ.യിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും തുടർന്നു സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്കും മറുപടി ലഭിച്ചില്ല എന്നതാണ് ഈ രണ്ടാം അപ്പീൽ ഹർജിക്കാധാരം.

2. അദ്ദേഹം തന്റെ പേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ്, പേ ഡ്രോൺ പർട്ടിക്കുലേഴ്സ്, തന്റെ തന്നെ കൈയ്യൊപ്പ് പതിഞ്ഞ അക്വിറ്റൻസ് രജിസ്റ്ററിലെ പ്രസക്തഭാഗങ്ങളുടെ പകർപ്പ് എന്നിവയെല്ലാമാണ് ആവശ്യപ്പെട്ടിരുന്നത്.

3. ആവശ്യപ്പെട്ട രേഖകളുടെ നൽകാവുന്ന വിവരങ്ങൾ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയിട്ടുള്ളതായി കമ്മീഷൻ നടത്തിയ ഹിയറിംഗിൽ ബോധിപ്പിച്ചു. അദ്ദേഹം ജോലിയിൽ ഇരിക്കെ ഒരു ക്രിമിനൽ കേസിൽ ഉൾപ്പെടുകയും അപ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യപ്പെടുകയുമുണ്ടായെന്ന് മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീമതി മിനി മാത്യു കമ്മീഷനു മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. അപേക്ഷകന്റെ ശ്രമം വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ച് ചില ആവശ്യങ്ങൾ നേടുകയാണെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വ്യക്തമാക്കി. നിലവിലുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അനുരാധ സി.എൽ, റിപ്പോർട്ടു കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീമതി.മിനി മാത്യു എന്നിവർ ഹിയറിംഗിൽ നേരിട്ട് ഹാജരായി വിവരങ്ങൾ ബോധിപ്പിക്കുകയും അപ്പീൽ വാദിക്ക് നിയമപ്രകാരം ലഭ്യമാക്കാവുന്ന വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് കമ്മീഷനെ ബോധ്യപ്പെടുത്തുകയും ചെയ്തു.

4. അപ്പീൽ വാദി ആഗ്രഹിക്കുന്നതുപോലെ കമ്മീഷനെ ഇടപെടുത്തി പ്രശ്നപരിഹാരം സാധ്യമാക്കാമെന്ന താൽപര്യം സംരക്ഷിക്കാൻ നിർവ്വാഹമില്ല. പ്രശ്ന പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. ഈ അപ്പീൽ വാദിയുടെ ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റിവിറ്റിപോലെയുള്ള ആനുകൂല്യങ്ങൾ

താൽക്കാലികമായി തടഞ്ഞുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. അവ ലഭ്യമാക്കാൻ ഈ കമ്മീഷന് ഇടപെടാൻ കഴിയില്ല.

5. അതേ സമയം ഒരാളിന്റെ ആനുകൂല്യങ്ങൾ തടഞ്ഞുവെച്ചാലും അതു സംബന്ധിച്ച വിവരങ്ങൾ അദ്ദേഹത്തെ അറിയിക്കുക എന്ന ചുമതല നിർവഹിക്കാൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ബാധ്യസ്ഥമാണ്. അപ്രകാരം ഈ അപ്പീൽ വാദി ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ എല്ലാം നൽകിയിട്ടുള്ളതായി കമ്മീഷനു സമർപ്പിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ ബോധിപ്പിക്കുന്നു. അവരുടെ റിപ്പോർട്ട് കമ്മീഷൻ ഉത്തമ വിശ്വാസത്തിലെടുത്തുകൊണ്ട് കമ്മീഷനു സമർപ്പിച്ച റിപ്പോർട്ടുകളുടെ സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ് അപ്പീൽ വാദിക്കുകൂടി അയച്ചുകൊടുക്കാൻ നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം (2023 ജനുവരി മാസം 6-ാം തീയതി) തീർപ്പു കൽപ്പിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

NAS